# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 74</u> <u>12.12.2012-ൽ മറുപടിക്ക്</u>

## <u>പുതിയ മെഡിക്കൽ കോളേജുകൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ:<br>ശ്രീ. ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി ഏതു ഘട്ടം വരെ എത്തി ; വിശദാംശങ്ങൾ നൽകുമോ ; | (എ) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക എന്നിവിടങ്ങളിലായാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. പ്രസ്തുത മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച ഡോ. പി.ജി.ആർ. പിള്ളയെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചിരുന്നു. കൂടാതെ ഓരോ മെഡിക്കൽ കോളേജുകൾക്കും വേണ്ടി പ്രോജക്റ്റ് സ്പെഷ്യൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. |

പ്രസ്തുത മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. കോന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് എച്ച്.എൽ.എല്ലിനെയും മഞ്ചേരി മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോ യെയും ഏൽപ്പിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി പൊതുമരാമത്ത് വകുപ്പന്റേയും ഗ്രാമ വികസന വകുപ്പിന്റേയും കൈവശമുള്ള **3.22** ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് , ഇടുക്കി എന്നിവിടങ്ങളിലായുള്ള മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിനായുള്ള തസ്തികകൾ സൃഷ്ടിക്കാനായുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിലേക്കായി കേരള മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ 2013-ൽ പ്രവർത്തനം സജ്ജമാകുന്നവ ഏതെല്ലാം ;

(ബി) മഞ്ചേരി മെഡിക്കൽ കോളേജ് 2013-14 അധ്യയനവർഷം പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മെഡിക്കൽ കോളേജുകൾ താമസം വിനാ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(സി) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ